"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല — കായണ്ണ ഗ്രാമപഞ്ചായത്ത് - 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് -ഖണ്ഡിക 3.1 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1433/2023/LSGD തീയതി,തിരുവനന്തപുരം, 13-07-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 28.09.2022 ലെ പി എ എൻ/12168/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 30.03.2023 ലെ ഡി.കെ.എസ്.എ 4257/പി.റ്റി2/2022 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വനിതകളുടെ ആരോഗ്യപരിപാലനം (പ്രോജക്ട് നം.20/2011) എന്ന പദ്ധതിയ്ക്ക് ചെലവായ 83,681/- രൂപ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാലും പദ്ധതി ആനുകൂല്യം പണമായി ഗുണഭോക്താക്കൾക്ക് അനുവദിച്ചതിനാലും 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ മലയോര പ്രദേശവും വികസനത്തിൽ വളരെ പിന്നോക്കം നിൽക്കുന്നതുമായ കായണ്ണ പഞ്ചായത്തിൽ, സൗകര്യങ്ങൾ വളരെ പരിമിതമാണെന്നും, ഗ്രാമപഞ്ചായത്തിൽ മാറാരോഗങ്ങളുടെ ചികിത്സയ്ക്ക് ആവശ്യമായ സൗകര്യങ്ങളുള്ള ആശുപത്രിയോ സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നില്ലായെന്നും, ആകെയുള്ളത് ഒരു പ്രൈമറി ഹെൽത്ത് സെന്റർ മാത്രവുമാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ രോഗികൾ കോഴിക്കോട് മെഡിക്കൽ കോളേജിനെയാണ് ഗുരുതരരോഗങ്ങളുടെ ചികിൽസയ്ക്കായി ആശ്രയിക്കുന്നതെന്നും ഇത്തരം രോഗികളാണ് പരാമർശ പ്രൊജക്റ്റിന്റെ ഗുണഭോക്താക്കളെന്നും രോഗികൾക്ക് ചികിൽസയും മറ്റും നിർണ്ണയിക്കുന്നത് മെഡിക്കൽ കോളേജിൽ നിന്ന് ആയതിനാൽ മെഡിക്കൽ ഓഫീസറെ സംബന്ധിച്ചിടത്തോളം ഏതെല്ലാം മരുന്നുകളാണ് പർച്ചേസ് ചെയ്യേണ്ടത് എന്ന് തീരുമാനിക്കാൻ സാധിക്കില്ലെന്നും രോഗികളിൽ നിന്ന് പ്രിസ്ക്രിപ്ഷൻ സംഘടിപ്പിച്ച് ടെണ്ടർ നടപടിയിലൂടെ മരുന്ന് വാങ്ങി നൽകുകയാണെങ്കിൽ രോഗികൾക്ക് യഥാസമയം ചികിൽസ കിട്ടാതെ വരികയും ആയത് പ്രൊജക്റ്റിന്റെ ലക്ഷ്യം തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നതായും, മാത്രവുമല്ല വിവിധ രോഗികൾക്ക് വിവിധ തരം മരുന്നുകളമായിരുന്നു ആവശ്യംമെന്നും ഇത്തരം മരുന്നുകൾ ചെറിയ അളവിൽ വാങ്ങുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും ഇത്തരം അവസ്ഥയിൽ രോഗികൾ അവർക്കാവശ്യമായ മരുന്നുകൾ വാങ്ങുകയും ബിൽ പ്രകാരമുള്ള

തുക മെഡിക്കൽ ഓഫീസർ നൽകുകയുമാണുണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. മിക്ക ഗുണഭോക്താക്കൾക്കും ആയിരം രൂപയിൽ താഴെയാണ് നൽകിയതെന്നും ശാരീരികവും മാനസികവുമായി വിഷമങ്ങൾ അനുഭവിക്കുന്ന രോഗികൾക്ക് എത്രയും വേഗത്തിൽ ആശ്വാസം എത്തിക്കുക എന്ന കാഴ്ചപ്പാടിൽ ഭരണ സമിതി അംഗങ്ങൾ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ചികിൽസാ സഹായം പണമായി നൽകിയിട്ടുണ്ടെന്നും ചികിൽസാ സഹായത്തിനു പുറമെ പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയ കണ്ണടവിതരണവും അർഹതപ്പെട്ടവർക്കു മാത്രമാണ് നൽകിയിട്ടുള്ളതെന്നും ഇത്തരം ഒരു പ്രൊജക്റ്റ് നടപ്പാക്കിയതിലൂടെ സമൂഹത്തിലെ പാവപ്പെട്ടവർക്ക് ആശ്വാസം ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്തിന് സാമ്പത്തികമായി നഷ്ടം സംഭവിച്ചിട്ടില്ല എന്ന് ഭരണ സമിതി വിലയിരുത്തിയിട്ടുണ്ടെന്നും ആയതിനാൽ പരാമർശ ചെലവിന് സാധൂകരണത്തിനായി അപേക്ഷിക്കാൻ ഭരണ സമിതി തീരുമാനിക്കുകയും ആയതിന് കോഴിക്കോട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട് .

3. കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2010-2011, 2011-2012 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം ( 2 ) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം തടസ്സപ്പെടുത്തിയ 83,681/- രൂപയുടെ (എൺപത്തി മൂവായിരത്തി അറുന്നൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കായണ്ണ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ

സ.ഉ.(സാധാ) നം.1433/2023/LSGD

പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/109/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ